LIBRARY ARCHIVES Kerala Legislative Assembly

(ഡി) കെട്ടിട വിഭാഗത്തിൽ ലഭിച്ച പരാതികളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു:

(a) പാലക്കാട് മെഡിക്കൽ കോളേജ് മെയിൻ ബ്ലോക്ക് നിർമ്മാണം (ശ്രീ. എം. മുഹമ്മദലി നിർമ്മാൺ കൺസ്ട്രക്ഷൻ, മഞ്ചേരി, മലപ്പുറം)

(b) മലപ്പുറം ജില്ലാ ഡി.പി.സി. സെക്രട്ടേറിയറ്റ് കെട്ടിട നിർമ്മാണം.

(c) പെരിന്തൽമണ്ണ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സിലെ മാതൃ-ശിശു വിഭാഗത്തിന്റെ അധിക പ്രവൃത്തി.

(ഇ) ഈ കാലയളവിലെ സർവ്വീസ് ടാക്സ് കേന്ദ്ര ഗവൺമെന്റിന്റെ കീഴിൽ വരുന്നതും സെൻട്രൽ എക്സൈസ് ഡിപ്പാർട്ട്മെന്റ് നടപ്പിലാക്കി വരുന്നതുമായ വിഷയമാണ്. സെൻട്രൽ എക്സൈസ് കമ്മീഷണറുടെ 20-6-2012-ലെ 25/2012 നമ്പർ മെഗാ എക്സംപ്ഷൻ നോട്ടിഫിക്കേഷൻ പ്രകാരം, 1994 ഫിനാൻസ് ആക്ടിലെ സെക്ഷൻ 66 B-യിലുള്ള ചുവടെ പറയുന്ന സേവനങ്ങൾക്ക് സർവ്വീസ് ചാർജ്ജ് ഒഴിവാക്കുകയുണ്ടായി:

1. വാണിജ്യം, വ്യവസായം മറ്റ് വ്യാവസായിക പ്രവർത്തനങ്ങൾ എന്നിവയൊഴികെയുള്ള സിവിൽ വർക്കുകൾ.

2. വിദ്യാഭ്യാസം/ക്ലിനിക്കൽ/സാംസ്കാരികം/കല എന്നീ ആവശ്യങ്ങൾക്കുള്ള കെട്ടിടനിർമ്മാണ പ്രവൃത്തികൾ

3. 1994 ഫിനാൻസ് ആക്ടിലെ സെക്ഷൻ 66B-യിലെ Clause 44-ലെ വിശദീകരണം 1-ൽ പരാമർശിച്ചിട്ടുള്ള സ്വകാര്യ ആവശ്യം/ജീവനക്കാരുടെ ആവശ്യത്തിനുള്ള വാസയോഗ്യമായ സമുച്ചയങ്ങൾ.

പ്രസ്തുത ഇളവ് 1-3-2015-ലെ നോട്ടിഫിക്കേഷൻ നമ്പർ 6/2015 പ്രകാരം പിൻവലിച്ചു. തുടർന്ന് 1-3-2016-ലെ നോട്ടിഫിക്കേഷൻ നമ്പർ 09/2016-ST പ്രകാരം, 1-3-2015-ന് മുമ്പ് നിലവിൽ വന്ന കരാറുകളും ആവശ്യമായ സ്റ്റാമ്പ് ഡ്യൂട്ടി ടി തീയതിക്കുമുമ്പ് ഒടുക്കിയിട്ടുള്ളതുമായ കരാറുകൾക്ക് ടി ഇളവ് ബാധകമാണെന്ന് ഉത്തരവായിട്ടുണ്ട്.

## നികുതിയടയ്ക്കാതെയുള്ള അനധികൃത സ്വർണ്ണ കച്ചവടം നിയന്ത്രിക്കാൻ നടപടി

19 (2270) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതിയടയ്ക്കാതെ അനധികൃതമായി സ്വർണ്ണ കച്ചവടം നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അനധികൃത കച്ചവടം നിയന്ത്രിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് സ്വർണ്ണാഭരണ വില്പന രംഗത്ത് നികുതി നൽകിയുള്ള വ്യാപാരം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) അനധികൃത സ്വർണ്ണ വ്യാപാരത്തെക്കുറിച്ചുള്ള പരാതികൾ ലഭിക്കുന്നുണ്ട്. ചരക്ക് സേവന നികുതി നിയമപ്രകാരം പ്രതിവർഷം 20 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള വ്യാപാരികൾക്കുമാത്രമേ രജിസ്ട്രേഷൻ എടുക്കുന്നതിന് നിയമപരമായ ബാധ്യതയുള്ളൂ. രജിസ്ട്രേഷൻ എടുത്തിട്ടുള്ള വ്യാപാരികൾ ക്രയവിക്രയങ്ങളെ സംബന്ധിച്ച വിവരങ്ങൾ റിട്ടേൺ മുഖേന സമർപ്പിക്കേണ്ടതാണ്. പ്രസ്തുത വിവരങ്ങൾ പരിശോധന നടത്തി നികുതി ചോർച്ച ഇല്ലെന്ന് ഉറപ്പുവരുത്തുന്നു. കൂടാതെ വ്യാപാരികൾ വില്പന ഘട്ടത്തിൽ ബിൽ കൊടുക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിലേയ്ക്കായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം ടെസ്റ്റ് പർച്ചേസ് മുഖേന പരിശോധനകൾ നടത്തിവരുന്നുണ്ട്. കൂടാതെ റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റേഷൻ, ട്രാൻസ്പോർട്ട് ബസ്സുകൾ എന്നിവ കേന്ദ്രീകരിച്ചും യാത്രാ വാഹനങ്ങളിലും പരിശോധനകൾ നടത്തിവരുന്നുണ്ട്. ഇത്തരം കാര്യക്ഷമമായ പരിശോധന കളിലൂടെ നികുതിവെട്ടിപ്പിന്റെ പഴുതുകൾ ഇല്ലാതാക്കാൻ ശ്രമിച്ചുവരുന്നു.

(ബി) വിൽക്കപ്പെടുന്ന സാധനങ്ങൾക്ക് ബിൽ നൽകുന്നതിന് വ്യാപാരികൾ നിയമപരമായി ബാധ്യസ്ഥരാണ്. വ്യാപാരികൾ വില്പനഘട്ടത്തിൽ ബില്ല് കൊടുക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിലേയ്ക്കായി ഇന്റലിജൻസ് വിഭാഗം ടെസ്റ്റ് പർച്ചേസ് മുഖേന പരിശോധനകൾ നടത്തിവരുന്നുണ്ട്. കൂടാതെ ഉപഭോക്താക്കൾ ബിൽ നിർബന്ധമായും ചോദിച്ച് വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി വാർത്താമാധ്യമങ്ങളിലൂടെ ആവശ്യമായ ബോധവൽക്കരണ നടപടികൾ സ്വീകരിച്ചുവരുന്നു.

**സംസ്ഥാനത്തിന്റെ പൊതുകടം**

20 (2271) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പൊതുകടം വർദ്ധിക്കുന്നതിൽ കേന്ദ്ര ധനകാര്യ കമ്മീഷൻ ആശങ്ക രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) 2019-20 സാമ്പത്തിക വർഷം പൊതുവിപണിയിൽ നിന്നും എത്ര കോടി സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly